# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2520 | 05/11/2019-ൽ മറുപടിക്ക്

## വയനാട് ജില്ലയിൽ നൽകിയ വൈദ്യുതി കണക്ഷനുകൾ

| | ചോദ്യം<br><br>**ശ്രീ.ഒ. ആർ. കേളു** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വയനാട് ജില്ലയിൽ നൽകിയ വൈദ്യുതി കണക്ഷനുകൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വയനാട് ജില്ലയിൽ നൽകിയ വൈദ്യുതി കണക്ഷനുകൾ മണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു. |

| മണ്ഡലം | സിംഗിൾ ഫേസ് | ത്രീ ഫേസ് | ആകെ |
|---|---|---|---|
| കൽപ്പറ്റ | 11512 | 639 | 12151 |
| ബത്തേരി | 14891 | 709 | 15600 |
| മാനന്തവാടി | 15488 | 902 | 16390 |
| **ആകെ** | **41891** | **2250** | **44141** |

| | | | |
|---|---|---|---|
| (ബി) | വൈദ്യുതിമോഷണം തടയുന്നതിന് വയനാട് ജില്ലയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന് പുറമെ വയനാട് ജില്ലയിൽ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും റീജിയണൽ ആഡിറ്റ് ഓഫീസിൽ നിന്നും ഉള്ള സ്പെഷ്യൽ സ്ക്വാഡുകളും നിലവിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി വൈദ്യുതി ദുരുപയോഗം കണ്ടു പിടിച്ചു വരുന്നു. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ നിയമങ്ങൾക്കനുസൃതമായി വൈദ്യുതി മോഷണത്തിനും വൈദ്യുതി ദുരുപയോഗത്തിനുമുള്ള പിഴ ഈടാക്കുന്നുണ്ട്. വൈദ്യുതി മോഷണം പൊതുജനങ്ങളുടെ ശ്രദ്ധയിൽ പ്പെട്ടാൽ ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി ബോർഡിന്റെ വിജിലൻസ് വിഭാഗം ഓഫീസർമാരുടെയും അതാത് ഓഫീസ് മേലധികാരികളുടെയും |

| | | | |
|---|---|---|---|
| | | | ഫോൺ നമ്പർ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടു പിടിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ദൃശ്യ മാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ആവശ്യമായ പ്രചാരം പൊതുജനങ്ങൾക്ക് നൽകുന്നുമുണ്ട്.<br><br>വയനാട് ജില്ലയിൽ വൈദ്യുതി മോഷണം തടയുന്നതിന്റെ ഭാഗമായി എ.പി.റ്റി.എസ് അവധി ദിവസങ്ങളിലും രാത്രി കാലങ്ങളിലും ഉൾപ്പെടെ മുന്നറിയിപ്പ കൂടാതെ surprise inspection നടത്തുന്നുണ്ട്. സാധാരണ ഇൻസ്പെക്ഷനുകളിലും സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളിലും എ.പി.റ്റി.എസ് ഉദ്യോഗസ്ഥർ മീറ്ററുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും കണക്ഷനും പ്രവർത്തനങ്ങളും ശരിയായ രീതിയിലാണെന്ന് ഉറപ്പുവരുത്തുന്നു.<br><br>03/09/2019-ന് വയനാട് ജില്ലയിലെ മീറ്റർ റീഡർമാരുമായി ചീഫ് വിജിലൻസ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഇന്ററാക്ടീവ് സെഷനിൽ APTS (Northern Region) - ലെ വിവിധ റീജിയണൽ യൂണിറ്റുകളിലെ APTS ഉദ്യോഗസ്ഥർ വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതും തടയുന്നതിനുമുള്ള ഡെമോൺസ്ട്രേഷനും, ക്ലാസ്സുകളും നടത്തി. 2019 മാർച്ച് മാസം APTS (Northern Region)-ലെ വിവിധ റീജിയണൽ യൂണിറ്റുകൾ പരമാവധി ഇൻസ്പെക്ഷനുകൾ വയനാട് ജില്ലയിൽ ഒരേ സമയം നടത്തുകയുണ്ടായി ഇത്തരം ഇൻസ്പെക്ഷനുകൾ പൊതു ജനങ്ങളുടേയും മാധ്യമങ്ങളുടേയും ഇടയിൽ വൈദ്യുതി മോഷണത്തിന് എതിരായ ഒരു ശക്തമായ അവബോധം ഉണ്ടാക്കി. |

സെക്ഷൻ ഓഫീസർ